കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ

30(34) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ വിശദമാക്കാമോ;

(ബി) 2015 ഫ്രെബ്രുവരി അവസാനിക്കുമ്പോൾ ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്നിരുന്ന എത്ര ഫയലുകൾ വീതം തീരുമാനം എടുത്ത് തിരിച്ചയക്കുവാൻ ബാക്കി നില്പുണ്ടായിരുന്നു; മൂന്നും ആറും മാസവും ആ വർഷത്തിൽ കൂടുതലും കാലമായി തീരുമാനമാകാതെ മന്ത്രി ആഫീസിൽ കെട്ടിക്കിടപ്പുള്ള ഫയലുകൾ എത്ര എന്ന് അറിയിക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ആഫീസിൽ മന്ത്രിസഭായോഗ തീരുമാനം ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സംബന്ധിച്ച എത്ര ഫയലുകൾ 2015 ഫെബ്രുവരി അവസാനിക്കുമ്പോൾ പെന്റിങ്ങിലുണ്ടായിരുന്നു;

(ഡി) മുഖ്യമന്ത്രിയുടെ ആഫീസിൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയക്കേണ്ടതായ എത്ര ഫയലുകൾ 2015 ഫെബ്രുവരി അവസാനിക്കുമ്പോൾ പെന്റിങ്ങിലുണ്ടായിരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2015 ജനുവരി മാസത്തെ കണക്കനുസരിച്ച് സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലായി 1,62,476 ഫയലുകൾ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി&ഡി) ഒന്നും പെൻഡിങ്ങായി ഇല്ലായിരുന്നു.

ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ

31(35) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഐ.എ.എസ്, ഐ.പി.എസ്. ഓഫീസർമാരുണ്ട്; ഇവർക്കായി നീക്കി വച്ച തസ്തികകൾ എത്രയാണ്;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര ഐ.എ.എസ്/ ഐ.പി.എസ്-കാർ കേന്ദ്രത്തിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറിപോയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly